ഹദീസ്

നൗഷാദ് ചേനപ്പാടി

# ജാഹിലിയ്യ പക്ഷപാതിത്വം കൈയൊഴിഞ്ഞേ മതിയാവൂ

عَنْ جُنْدَبِ بْنِ عَبْدِ اللَّهِ الْبَجَلِيِّ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَنْ قُتِلَ تَحْتَ رَايَةٍ عِمِّيَّةٍ يَدْعُو عَصَبِيَّةً أَوْ يَنْصُرُ عَصَبِيَّةً فَقِتْلَةٌ جَاهِلِيَّة (رواه مسلم)

**ജുൻദബ്ബ്നു അബ്ദില്ലാ ബജലിയിൽനിന്ന്. അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: 'അന്ധമായ പക്ഷപാതിത്വത്തിലേക്കു ക്ഷണിച്ചുകൊണ്ടോ അല്ലെങ്കിൽ അതിനെ സഹായിച്ചുകൊണ്ടോ അതിനുവേണ്ടി ആരെങ്കിലും വധിക്കപ്പെട്ടാൽ അവന്റെ മരണം ജാഹിലിയ്യാ മരണമാണ്' (മുസ്‌ലിം).**

അന്ധമായ പക്ഷപാതിത്വത്തിൽ അധിഷ്ഠിതമായ ഒരു സംഘത്തിന്റെയോ പാർട്ടിയുടെയോ ബാനറിൽനിന്നുകൊണ്ട് അതിലേക്കു ക്ഷണിക്കുകയും അതിനെ സഹായിക്കുകയും ചെയ്തതിന്റെ പേരിലാണ് ഒരാൾ വധിക്കപ്പെട്ടതെങ്കിൽ അയാളുടെ മരണം അനിസ്‌ലാമിക/ജാഹിലിയ്യാ മരണമാണെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. കാരണം അവൻ പോരാടിയതും വധിക്കപ്പെട്ടതും സത്യത്തിനോ നീതിക്കോ ന്യായമായ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടാനോ വേണ്ടിയല്ല. അതൊന്നും പരിഗണിക്കാതെ കേവലം അന്ധമായ വംശീയമോ വർഗീയമോ ഗോത്രപരമോ കുടുംബപരമോ പാർട്ടിപരമോ ആയ പക്ഷപാതിത്വത്തിനു (عِمِّيَّة) വേണ്ടിയാണ്. ഇപ്പറഞ്ഞ ഏതുതരം പക്ഷപാതിത്വവും ഒരു മനുഷ്യനിൽ കടന്നുകൂടിയാൽ സത്യവും ന്യായവും യുക്തിയും നോക്കാതെയും അതിലേക്കു ശ്രദ്ധ തിരിക്കാൻപോലും തയാറാവാതെയും ആ പക്ഷപാതിത്വം അവനെ അന്ധനാക്കിക്കളയുന്നു. മനുഷ്യാരംഭകാലം മുതൽ വൈജ്ഞാനിക വികാസത്തിന്റെയും സ്വതന്ത്രചിന്തയുടെയും കാലഘട്ടമായി കൊണ്ടാടപ്പെടുന്ന ഈ ആധുനിക കാലംവരേയും മനുഷ്യസമൂഹത്തെ നയിച്ചുകൊണ്ടിരിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള പക്ഷപാതിത്വമാണ്.

വിവിധ നാടുകളിലും കാലഘട്ടങ്ങളിലുമായി അല്ലാഹു അയച്ച നബിമാരുടെ പ്രബോധനം സ്വീകരിക്കാൻ മനുഷ്യസമൂഹത്തിന് തടസ്സമായിനിന്നതും ഈ പക്ഷപാതിത്വമായിരുന്നു. മുൻകാലങ്ങളിൽ അത് ഗോത്രപരമായിരുന്നുവെങ്കിൽ പിന്നീടത് വംശീയവും വർഗീയവും മതപരവും പാർട്ടിപരവുമായി രൂപം പ്രാപിച്ചുവെന്നുമാത്രം. എന്നുമാത്രമല്ല മനുഷ്യസൃഷ്ടിപ്പിന്റെ ആദ്യഘട്ടത്തിൽത്തന്നെ ഈ പക്ഷപാതിത്വം പ്രകടമായിരുന്നു. മനുഷ്യനെ സൃഷ്ടിച്ച് രൂപപ്പെടുത്തി അവനിൽ ആത്മാവൂതിയതിനുശേഷം മലക്കുകളടക്കമുള്ള സൃഷ്ടികളോട് ആ മനുഷ്യന് സുജൂദ് ചെയ്യാൻ അല്ലാഹു കൽപിക്കുന്നുണ്ട്. അതിൽ വിസമ്മതം പ്രകടിപ്പിക്കുകയും അതിൽനിന്നു ധിക്കാരത്തോടെയും അഹങ്കാരത്തോടെയും മാറിനിൽക്കുകയും ചെയ്ത ഇബ്‌ലീസും പക്ഷപാതിത്വം കൊണ്ടായിരുന്നു മനുഷ്യനു സുജൂദു ചെയ്യാതിരുന്നത്. ഖുർആൻ അതിങ്ങനെ ചിത്രീകരിക്കുന്നു:

قَالَ مَا مَنَعَكَ أَلَّا تَسْجُدَ إِذْ أَمَرْتُكَ ۖ قَالَ أَنَا خَيْرٌ مِّنْهُ خَلَقْتَنِي مِن نَّارٍ وَخَلَقْتَهُ مِن طِينٍ

(അല്ലാഹു ഇബ്‌ലീസിനോട് ചോദിച്ചു: 'ഞാൻ നിന്നോട് ആജ്ഞാപിച്ചപ്പോൾ പ്രണാമം ചെയ്യുന്നതിൽനിന്ന് നിന്നെ തടഞ്ഞതെന്ത്?' അവൻ പറഞ്ഞു: 'ഞാൻ അവനെക്കാൾ ശ്രേഷ്ഠനാകുന്നു. നീ എന്നെ അഗ്നിയിൽനിന്നാണ് സൃഷ്ടിച്ചത്; അവനെ മണ്ണിൽനിന്നും - *അൽഅഅ്‌റാഫ്*: 12).

അപ്പോൾ വംശീയവും വർഗീയവുമായ എല്ലാ പക്ഷപാതിത്വങ്ങളുടെയും വേരുകൾ ചെന്നെത്തുന്നത് തീയാൽ സൃഷ്ടിക്കപ്പെട്ട ഇബ്‌ലീസിലാണ്. തീയുടെ പ്രകൃതി എല്ലാത്തിനെയും കരിച്ചുകളയുക എന്നതും. ആ തീയിൽനിന്നുയിരെടുക്കുന്ന പക്ഷപാതിത്വം സത്യത്തിലും നീതിയിലും സ്നേഹത്തിലും കാരുണ്യത്തിലും അധിഷ്ഠിതമായ എല്ലാവിധ മനുഷ്യബന്ധങ്ങളെയും കരിച്ചുകളയുന്നു. ആ ദുരന്തമാണല്ലോ എന്നും എവിടെയും മനുഷ്യസമൂഹം ഏറ്റവും കൂടുതലായി അനുഭവിച്ചിട്ടുള്ളതും. ഈ പക്ഷപാതിത്വത്തിനടിസ്ഥാനമായ മനോഭാവത്തെയും ഖുർആൻ 'ഹമിയ്യത്ത്' (حميّة) / ചൂട് എന്നാണ് വിശേഷിപ്പിക്കുന്നത്. അത് പ്രകൃതിവിരുദ്ധവും ഈമാനികവിരുദ്ധവും ഇസ്‌ലാമികവിരുദ്ധവുമായ 'ജാഹിലിയ്യത്ത്' ആണ് എന്നും ഖുർആൻ പറയുന്നു.

إِذْ جَعَلَ الَّذِينَ كَفَرُوا فِي قُلُوبِهِمُ الْحَمِيَّةَ حَمِيَّةَ الْجَاهِلِيَّةِ

(സത്യനിഷേധികൾ അവരുടെ ഹൃദയങ്ങളിൽ ജാഹിലിയ്യാ ദുരഭിമാനം ഉളവാക്കിയപ്പോൾ - *അൽഫത്ഹ്*: 26).

നബി(സ)യും സ്വഹാബത്തും(റ) സമാധാനപരമായി ഉംറ: ചെയ്യാൻ മക്കയിലേക്കു പോയപ്പോൾ ഖുറൈശികൾ

അവിടുത്തെയും സംഘത്തെയും മക്കയിലേക്ക് പ്രവേശിക്കാൻപോലും അനുവദിക്കാതെ തടയുകയുണ്ടായി. അതിനവരെ പ്രേരിപ്പിച്ച വികാരം ഈ പക്ഷപാതിത്വമായിരുന്നു. അതിനെയാണ് ഖുർആർ ജാഹിലിയ്യാ ദുരഭിമാനം എന്നു വിശേഷിപ്പിച്ചത്.

അന്നും ഇന്നും ഇനിയും എക്കാലവും ലോകത്ത് നടമാടുന്ന മുഖ്യ ജാഹിലിയ്യത്തുകളിൽ ഒന്നാണ് ഈ 'ഹമിയ്യത്തുൽ ജാഹിലിയ്യത്ത്' അഥവാ തിളച്ചുമറിയുന്ന ചൂടിൽനിന്നുയിരെടുക്കുന്ന ജാഹിലിയ്യാ പക്ഷപാതിത്വം. അതിനു വിരുദ്ധമായി ഖുർആൻ സമർപ്പിക്കുന്നത് ശാന്തതയിലും അവധാനതയിലും (സക്കീനത്ത് എന്നു ഖുർആൻ ഭാഷ്യം) അധിഷ്ഠിതമായ, കലർപ്പുകളിൽനിന്നു സുരക്ഷിതമായ വചനത്തെയാണ്. കാരണം ഏതുവിധ പക്ഷപാതിത്വത്തിനു പിന്നിലും ശാന്തതയോ അവധാനതയോ ചിന്തയോ ഇല്ല. ശാന്തമായും അവധാനതയോടെയും ചിന്തിച്ചാലല്ലേ സത്യവും അസത്യവും ന്യായവും അന്യായവും വെളിപ്പെടുകയുള്ളൂ. മണ്ണിനാണ് ഉത്പാദനശേഷിയുള്ളതെന്നും തീയിന് എല്ലാത്തിനേയും കരിക്കുവാനാണ് സാധിക്കുക എന്നും അവധാനതയോടെ ചിന്തിച്ചിരുന്നുവെങ്കിൽ ഇബ്‌ലീസിന് അല്ലാഹുവിനെ ധിക്കരിക്കേണ്ടി വരുമായിരുന്നില്ല.

ലോകം കണ്ട ഏറ്റവും കൊടുംഭീകര പ്രത്യയശാസ്ത്രമായ ഫാഷിസത്തിന്റെയും അടിസ്ഥാനം ഈ ഹമിയ്യത്തുൽ ജാഹിലിയ്യത്താണെന്നോർക്കുക. ഈ വികാരം തലക്കുപിടിച്ചാൽ സത്യം മനസ്സിലായാലും ഒരിക്കലും അത് സ്വീകരിക്കാൻ മനുഷ്യൻ തയ്യാറാവില്ല. എന്നുമാത്രമല്ല സത്യത്തിന്റെ വക്താക്കളെ ഉന്മൂലനം ചെയ്യുവാനും അവർ മടിക്കില്ല. അത്രമാത്രം പൈശാചികമാണ് ഹമിയ്യത്തുൽ ജാഹിലിയ്യത്ത്. ഖുർആൻ പരിചയപ്പെടുത്തിയ ഏറ്റവും വലിയ ക്രൂരനും കഠിനനുമായ ഫിർഔൻ ഈ ഹമിയ്യത്തുൽ ജാഹിലിയ്യത്തിന്റെ വക്താവായിരുന്നു. മൂസാ(അ) കൊണ്ടുവന്ന സന്ദേശം തികച്ചും സത്യമായിരുന്നുവെന്ന് അവനു ബോധ്യമായിരുന്നതായി ഖുർആൻ പറയുന്നു (*അൽ ഇസ്റാഅ്*: 102). എന്നാൽ പക്ഷപാതിത്വത്താൽ അവനതിൽ വിശ്വസിച്ചില്ല. എഴുപത്തിനാലു തവണയാണ് അവന്റെ പേര് ഖുർആൻ പരാമർശിച്ചിരിക്കുന്നത്. അവന്റെ വംശീയവും വർഗീയവുമായ പക്ഷപാതിത്വത്തിന്റെ പീഡനങ്ങൾക്കിരയായ സമുദായത്തിന്റെ പേര് നാൽപ്പത്തിഒന്നു തവണയും. ബനൂ ഇസ്റാഈലെന്ന ആ സമുദായത്തിന്റെ ഖിസ്സ- കഥ- യാണ് ഖുർആൻ ഏറ്റവും കൂടുതൽ തവണ വിവരിച്ചിട്ടുള്ളത്. അവരിലേക്കാഗതനായ നബിയുടെ പേരാണ് ഖുർആനിൽ ഏറ്റുവുമധികം തവണ വന്നിട്ടുള്ളതും; നൂറ്റിമുപ്പത്തിയാറു തവണ. മുഹമ്മദ്നബി(സ)ക്ക് ഇറങ്ങിയ അവസാന വേദ ഗ്രന്ഥമായ ഖുർആനിൽ എന്തുകൊണ്ടാണ് ഇത്രയധികം തവണ ഇങ്ങനെ വന്നിട്ടുള്ളത് എന്ന് സവിശേഷ പഠനവും ഗവേഷണവും അർഹിക്കുന്ന വിഷയമാണ്; വിശേഷിച്ചും ഫാഷിസത്തിന്റേതായ ഇക്കാലത്ത്. ●